<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5465</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>കെ.ടി.ഡി.എഫ്.സി. യ്ക്ക് കെ.എസ്.ആർ.ടി.സി. ഭൂമി.</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി.) പ്രവർത്തനമാരംഭിച്ചത് എന്നുമുതലാണെന്നും അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി.) പ്രവർത്തനമാരംഭിച്ചത് 27.02.1991 നാണ്.<br><br><u>മുഖ്യലക്ഷ്യങ്ങൾ</u><br><br>1. <u>യന്ത്രങ്ങൾ വർക്ക് ഷോപ്പുകൾ ഗതാഗതത്തിന് ആവശ്യമായ വാഹനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം</u><br><br>വ്യക്തികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും, കമ്പനികൾക്കും പ്രധാനമായി കെ.എസ്.ആർ.ടി.സി.യ്ക്കും ആവശ്യമായ വാഹനങ്ങൾ പാട്ട വ്യവസ്ഥയിലും, വാടകയ്ക്കും ചൂണ്ടുപണയ വ്യവസ്ഥയിലും വാങ്ങുന്നതിനാവശ്യമായ ധനസഹായം നൽകുക. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ആവശ്യമായ സ്പെയർ പാർട്സ് ഷോപ്പുകൾ ഡീസൽ പമ്പ് സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, വാണിജ്യ സമുച്ഛയങ്ങൾ എന്നിവയുടെ നിർമാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക സഹായം നൽകൽ.<br><br>വായു, റോഡ്, ജല ഗതാഗതത്തിന് അനുയോജ്യമായ ഗതാഗത വാഹനങ്ങളായ ബോട്ട്, കപ്പൽ, ലോറികൾ , വിമാനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകൽ.<br><br>2. <u>ഗതാഗതത്തിന് ആവശ്യമായ വാഹനങ്ങൾ യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക ക്രമീകരണം</u> |

| | | | |
|---|---|---|---|
| | | | ബസ്സുകൾ, ലോറികൾ, ട്രാക്ടറുകൾ, വിമാനങ്ങൾ, കപ്പലുകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, മന്ദിരങ്ങൾ എന്നിവയ്ക്ക് വാങ്ങൾ, പാട്ടം, വാടക, ചൂണ്ടിപണയം എന്നീ വ്യവസ്ഥയിൽ ആവശ്യമായ സാമ്പത്തിക ക്രമീകരണം ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ;<br><br>ഉത്പാദനം -പ്രക്രീയ - സംഭരണം - യൂണിറ്റുകളുടെ ബന്ധപ്പെട്ട യന്ത്രഭാഗങ്ങൾ എന്നിവയുടെയും മറ്റ് ഗതാഗത സ്ഥാപനങ്ങളുടെയും, പ്രവർത്തന, പരിപാലന, അറ്റകുറ്റപണികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ക്രമീകരണം നൽകൽ.<br><br>3.<u>ഗതാഗത മേഖലയിലുള്ളതും മറ്റ് ഇതര സ്ഥാപനങ്ങൾക്കും വായ്പാ ലഭ്യമാക്കൽ</u><br><br>കേരളത്തിൽ രൂപീകൃതമായിട്ടുള്ളതും അല്ലാത്തതുമായ ഗതാഗത സ്ഥാപനങ്ങൾക്കും മറ്റ് ഇതര സ്ഥാപനങ്ങൾക്കും ഏത് കാര്യത്തിനും ഉപകരിക്കുന്നതിന് വേണ്ടി ദീർഘ-മധ്യ-ഹ്രസ്വകാല വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യൽ. റിസർവ്വ് ബാങ്കിന്റെ കാലാകാലങ്ങളായുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി മൂലധനം, ഓഹരി, മുൻഗണന കഥാപാത്രം അഥവാ മറ്റ് തരത്തിലുള്ള സഹായങ്ങൾ നൽകൽ. |
| (ബി) | കെ.ടി.ഡി.എഫ്.സി. ആരംഭിച്ചത് മുതൽ ഓരോ വർഷത്തിലും ഉണ്ടായ ലാഭം/നഷ്ടം എത്രവീതമാണെന്ന് അറിയിക്കാമോ; | (ബി) | 1991-1992-ൽ 6,257 (ലാഭം)<br><br>1992-1993-ൽ 1,055,359 (ലാഭം)<br><br>1993-1994-ൽ 4,326,199 (ലാഭം)<br><br>1994-1995-ൽ 9,410,087 (ലാഭം)<br><br>1995-1996-ൽ 10,461,403 (ലാഭം)<br><br>1996-1997-ൽ 16,163,531 (ലാഭം)<br><br>1997-1998-ൽ 21,142,358 (ലാഭം)<br><br>1998-1999-ൽ 26,233,241 (ലാഭം)<br><br>1999-2000-ൽ 15,069,129 (ലാഭം)<br><br>2000-2001-ൽ 9,413,721 (ലാഭം)<br><br>2001-2002-ൽ 2,650,896 (ലാഭം)<br><br>2002-2003-ൽ 20,142,135 (ലാഭം) |

| | | | |
|---|---|---|---|
| | | | 2003-2004-ൽ 16,947,769 (ലാഭം)<br>2004-2005-ൽ 18,807,952 (ലാഭം)<br>2005-2006-ൽ 10,792,818 (ലാഭം)<br>2006-2007-ൽ 931,044 (ലാഭം)<br>2007-2008-ൽ (6,161,842) (നഷ്ടം)<br>2008-2009-ൽ 5,521,088 (ലാഭം)<br>2009-2010-ൽ 1,375,628 (ലാഭം)<br>2010-2011-ൽ 70,097,177 (ലാഭം)<br>2011-2012-ൽ 88,138,402(ലാഭം)<br>2012-2013-ൽ 134,753,328 (ലാഭം)<br>2013-2014-ൽ 109,613,472(ലാഭം)<br>2014-2015-ൽ 117,045,997 (ലാഭം)<br>2015-2016-ൽ 199,385,279 (ലാഭം)<br>2016-2017-ൽ (413,213,998) (നഷ്ടം)<br>2017-2018-ൽ 24,071,360 (ലാഭം)<br>2018-2019-ൽ (2,413,052,277) (നഷ്ടം)<br>2019-2020-ൽ (793,511,734) (നഷ്ടം)<br>2020-2021-ൽ (Provisional) (632,981,144) (നഷ്ടം)<br>2021-2022-ൽ (Provisional) (434,725,731) (നഷ്ടം) |
| (സി) | നിലവിൽ കെ.ടി.ഡി.എഫ്.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ സ്ഥാപനം നഷ്ടത്തിലായതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നത് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുള്ള വായ്പകളിൽ 453 കോടി രൂപയുടെ വായ്പയിൽ കെ.എസ്.ആർ.ടി.സി. 2018-19 വർഷം മുതൽ തിരിച്ചടവ് മുടങ്ങിയതിനാലും BOT നിക്ഷേപങ്ങളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരുന്നതിനാലും, പുതിയ ലോൺ കൊടുക്കുന്നതു നിർത്തലാക്കിയതും നഷ്ടത്തിനു കാരണമാണ്. |
| (ഡി) | സാമ്പത്തിക ബാധ്യതയെ തുടർന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും കെ.ടി.ഡി.എഫ്.സി. യ്ക്ക് റിസർവ് ബാങ്കിന്റെ വിലക്കുണ്ടായിട്ടുണ്ടോ; | (ഡി) | അറ്റ ആസ്തി നെഗറ്റീവ് ആയതിനാൽ NBFI പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ RBI നിർദ്ദേശിച്ചിട്ടുണ്ട്. (TVM.DOS.SED.No. S569/02.03.054/2022-23 August 03,2022) |

| | | | |
|---|---|---|---|
| (ഇ) | ഈ വിലക്ക് മറികടക്കുന്നതിനായി കെ.ടി.ഡി.എഫ്.സി. യും കെ.എസ്.ആർ.ടി.സി. യും തമ്മിൽ ഭൂമി കൈമാറ്റം നടത്തുന്നതിനായി സർക്കാർ അനുമതി തേടുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (ഇ) | G.O (Ms) No.42/2007/TRAN Dtd: TVM 25/10/2007 പ്രകാരം അങ്കമാലി, തിരുവല്ല, തമ്പാനൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ BOT – അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി. എഫ്.സി.യ്ക്ക് ഭൂമി വിട്ടുനൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം BOT കാലാവധി തീരുന്ന മുറയ്ക്ക് ടി സ്ഥലവും കെട്ടിടവും കെ.എസ്.ആർ.ടി.സി.യ്ക്ക് തിരികെ നൽകണമെന്ന് വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ 4 സ്ഥലങ്ങളും കെ.എസ്.ആർ.ടി.സിയുടെ പേരിൽ കരം അടച്ച് വരുന്ന സ്ഥലങ്ങളാണ്. ടി സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് നടത്തിപ്പിന് നിലവിൽ ഉപയോഗിച്ചുവരുന്നതും, മേലിലും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിക്കാൻ ലഭിക്കത്തക്കരീതിയിലും കെ.എസ്.ആർ.ടി.സി.യ്ക്ക് നിലനിർത്തിക്കൊണ്ട്, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിൽക്കുന്ന Foot Print Area മാത്രം ഭൂമിയുടെ വില നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.യ്ക്ക് വിട്ടു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ കെ.എസ്.ആർ.സി.യുടെ കൈവശമുള്ള ഏതൊക്കെ ഭൂമികളാണ് ഇപ്രകാരം കെ.ടി.ഡി.എഫ്.സി. യ്ക്ക് കൈമാറുന്നതിനായി ആലോചിക്കുന്നതെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | G.O (Ms) No.42/2007/TRAN Dtd: TVM 25/10/2007 പ്രകാരം അങ്കമാലി, തിരുവല്ല, തമ്പാനൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ BOT – അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി. എഫ്.സി.യ്ക്ക് ഭൂമി വിട്ടുനൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം BOT കാലാവധി തീരുന്ന മുറയ്ക്ക് ടി സ്ഥലവും കെട്ടിടവും കെ.എസ്.ആർ.ടി.സി.യ്ക്ക് തിരികെ നൽകണമെന്ന് വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ 4 സ്ഥലങ്ങളും കെ.എസ്.ആർ.ടി.സിയുടെ പേരിൽ കരം അടച്ച് വരുന്ന സ്ഥലങ്ങളാണ്. ടി സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് നടത്തിപ്പിന് നിലവിൽ ഉപയോഗിച്ചുവരുന്നതും, മേലിലും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിക്കാൻ ലഭിക്കത്തക്കരീതിയിലും കെ.എസ്.ആർ.ടി.സി.യ്ക്ക് നിലനിർത്തിക്കൊണ്ട്, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിൽക്കുന്ന Foot Print Area മാത്രം ഭൂമിയുടെ വില നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.യ്ക്ക് വിട്ടു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ